നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസ്സ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന അച്ചടിയും സ്റ്റേഷനറിയും വകുപ്പുകളുടെ 2013-14 സാമ്പത്തിക വർഷത്തെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനകളുടെ കീഴിൽ വരുന്ന കൃഷി, കൃഷി (മണ്ണ് പര്യവേക്ഷണ-സംരക്ഷണം) എന്നീ വകുപ്പുകളുടെ 2012-13 സാമ്പത്തിക വർഷത്തെയും കാർഷിക സർവ്വകലാശാലയുടെ 2013-14 സാമ്പത്തിക വർഷത്തെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

അനുബന്ധം-III

റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അറുപത്തി എട്ട് മുതൽ എൺപത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ

(1) ശ്രീ. കെ. എൻ. എ. ഖാദർ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അറുപത്തിഎട്ട് മുതൽ എൺപത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

(2) ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly